(ഡി) കരാർ പ്രകാരം എപ്പോഴാണ് ഇവയുടെ നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവയുടെ നിർമ്മാണം പൂർത്തീകരിക്കുവാനുള്ള കാലതാമസത്തിനു കാരണങ്ങൾ വിശദമാക്കാമോ;

(എഫ്) വോൾട്ടേജ് ക്ഷാമം രൂക്ഷമായിട്ടുള്ള ഈ മേഖലകളിൽ അടിയന്തിര സ്വഭാവത്തോടെ ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) എ. ആർ. എം. ലിമിറ്റഡ്, ഹൈദരാബാദ് എന്ന കമ്പനിക്കാണ് കരാർ നൽകിയിരുന്നത്. ടി കമ്പനിയുടെ ഇപ്പോഴത്തെ പേര് ഐക്കോം (ICCOM) ലിമിറ്റഡ് എന്നാണ്.

(സി) സബ് സ്റ്റേഷന് ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.

(ഡി) 29-11-2001-ന്.

(ഇ) കരാറുകാരുടെ പക്കൽ നിന്നുള്ള കാലതാമസം കാരണമാണ് സബ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തത്.

(എഫ്) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ ഡാമിന്റെ നിർമ്മാണ ചെലവ്

23 [180] ശ്രീ. പി. ടി. തോമസ് :
,, എ. കെ. മണി :
,, കെ. പി. വിശ്വനാഥൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ആഗ്മെന്റേഷൻ സ്കീമിന്റെ ഒറിജിനൽ എസ്റ്റിമേറ്റനുസരിച്ച് അതിന്റെ മേസൺറി ഡാമിനുവേണ്ടിയുള്ള ചെലവ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കു വേണ്ടിയുള്ള മേസൺറി ഡാം എർത്തേൺ ഡാമായി മാറ്റിയപ്പോൾ അതിന് എന്ത് ചെലവ് വന്നു;

(സി) പ്രസ്തുത പദ്ധതിയുടെ ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ എത്രകണ്ട് വർദ്ധിപ്പിച്ചു; എന്തടിസ്ഥാനത്തിലാണ് ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചത്;

(ഇ) ഡാമിന് രൂപകല്പന ചെയ്തപ്പോൾ ഇത് എന്തുകൊണ്ട് മുൻകൂട്ടി കാണാൻ കഴിഞ്ഞില്ലായെന്ന് വ്യക്തമാക്കാമോ; ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചതിന് എന്ത് അധികച്ചെലവ് വന്നു;

(എഫ്) ഒറിജിനൽ എസ്റ്റിമേറ്റ് അനുസരിച്ച് കരാർ ഏൽപ്പിച്ചുകൊടുക്കപ്പെട്ട കരാറുകാരൻ തന്നെയാണോ പുതുക്കിയ രൂപകല്പന പ്രകാരമുള്ള പണി ചെയ്യുന്നത്;

(ജി) പുതുക്കിയ പ്രകാരം ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള പണിക്ക് എക്സ്ട്രാവർക്ക് അടിസ്ഥാനത്തിലാണോ തുക നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറിജിനൽ എസ്റ്റിമേറ്റ് അനുസരിച്ച് മേസൺറി ഡാമിന്വേണ്ടിയുള്ള ചെലവ് 3,88,52,128.00 രൂപയാണ്.

(ബി) ഡാമിന്റെ ഉയരം 4 മീറ്റർ വർദ്ധിപ്പിച്ചു. ആയതിനുള്ള ചെലവുൾപ്പെടെ ഇതിന് 2,02,97,872.00 രൂപ കൂടി ചെലവായി.

(സി) ഉയരം വർദ്ധിപ്പിച്ചു.

(ഡി) 4 മീറ്റർ വർദ്ധിപ്പിച്ചു. കൂടുതൽ വെള്ളം കെട്ടിനിർത്തി വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായിട്ടാണ് ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചത്.

(ഇ) ഇതിന്റെ രൂപകല്പനയുടെ സമയത്ത് സൈലന്റ് വാലി പ്രോജക്ട്, മാനന്തവാടി വിവിധോദ്ദേശപദ്ധതി മുതലായവയ്ക്ക് അംഗീകാരം ലഭിക്കുമെന്ന പ്രതീക്ഷയിലായിരുന്നു. അംഗീകാരം ലഭിക്കാത്തതിനാൽ മലബാർ മേഖലയിലെ വൈദ്യുതി ക്ഷാമം താല്കാലികമായി പരിഹരിക്കുന്നതിനായി അധിക ജലം സംഭരിക്കുന്നതിനുവേണ്ടി ഉയരം 4 മീറ്റർ വർദ്ധിപ്പിച്ചു.

മേസൺറി ഡാം എർത്തേൺ ഡാം ആക്കി മാറ്റുകയും ഉയരം 4 മീറ്റർ വർദ്ധിപ്പിക്കുകയും ചെയ്തതിന് 2,02,97,872.00 രൂപ അധിക ചെലവ് വന്നു.

(എഫ്) അതെ.

(ജി) നിലവിലുള്ള കരാറിന്റെ എക്സ്റ്റെൻഷനായാണ് നൽകിയത്.

മുഹമ്മ സി. എച്ച്. സി.-യിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

24 [181] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ മുഹമ്മ സി.എച്ച്.സി.-യിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly